"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

www.keralaprisons.gov.in

**ഇണ്ടാസ് നം: KPCS/5420/2025-E1; തീയതി: 28-07-2025**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 03.06.2025 തീയതിയിലെ സ.ഉ (അച്ചടി) നം 7/2025/P&ARD നമ്പർ ഉത്തരവ് അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു.

Signed by
Preetha V S
Date: 28-07-2025 11:10:34

Preetha V S
PA TO DGP&CS

സ്വീകർത്താവ്:

ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്:

വെബ് സൈറ്റ്

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് —വിവിധ വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ക്ലർക്ക് (എൽ.ഡി. ക്ലർക്ക്)/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം—OP (KAT) 223/2022 നമ്പർ ഹർജിയിന്മേൽ ബഹു. ഹൈക്കോടതി 17-3-2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഉദ്യോഗസ്ഥ - ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

**സ. ഉ. (അച്ചടി) നമ്പർ 7/2025/P&ARD** — **തിരുവനന്തപുരം, തീയതി 2025 ജൂൺ 3.**

---

പരാമർശം:— 1. സ. ഉ. (പി) നമ്പർ 1/2014/ഉ.ഭ.പ.വ. തീയതി 3-1-2014

2. സ. ഉ. (പി) നമ്പർ 21/2014/ഉ.ഭ.പ.വ. തീയതി 19-7-2014

3. സ. ഉ. (പി) നമ്പർ 8/2021/ഉ.ഭ.പ.വ. തീയതി 28-9-2021

4. OA (EKM) 609/2019 നമ്പർ ഹർജിയിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22-3-2022 തീയതിയിലെ ഉത്തരവ്.

5. OP (KAT) 223/2022 നമ്പർ ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 17-3-2025 തീയതിയിലെ വിധിന്യായം

**ഉത്തരവ്**

പരാമർശം ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം ക്ലർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്തിന്റെ 10%-ത്തിലേക്ക് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് വകുപ്പുതല സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിരുന്നു. ട്രഷറി വകുപ്പിലെ ജൂനിയർ അക്കൗണ്ടന്റ് തസ്തികയിൽ എൻട്രി കേഡർ തസ്തികകളുടെ എണ്ണം 27 ആണെന്നും ആയതിനാൽ ബൈ-ട്രാൻസ്ഫർ നിയമനത്തിന് ദശാംശ സംഖ്യ തൊട്ടടുത്ത പൂർണ്ണ സംഖ്യയായി റൗണ്ട് ഓഫ് ചെയ്ത് 3 ഒഴിവുകൾ മാറ്റിവെക്കേണ്ടതുണ്ടെന്നുമുള്ള വാദം ഉന്നയിച്ചുകൊണ്ട് വയനാട് ജില്ലാ ട്രഷറിയിലെ അറ്റൻഡറായ ശ്രീ. മത്തായി വി. എം. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) 609/2019 ഹർജി സമർപ്പിച്ചിരുന്നു. ആയതിന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം 4 പ്രകാരം ഹർജിക്കാരന് അനുകൂലമായ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനെതിരായി OP (KAT) 223/2022 നമ്പരായി അപ്പീൽ ഹർജി ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി ആയതിൻമേൽ പരാമർശം (5) വിധി ന്യായം പുറപ്പെടുവിക്കുകയും ചെയ്തു. ടി വിധിന്യായത്തിൽ പരാമർശം (1) ഉത്തരവുപ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിന് കേഡർ സ്ട്രെങ്തിൻറ 10% കണക്കാക്കുമ്പോൾ ദശാംശ സംഖ്യ എപ്രകാരം പരിഗണിക്കണമെന്നതിൽ സർക്കാർ വ്യക്തത വരുത്തണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു.

2. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികമാറ്റ നിയമന കാര്യത്തിൽ സ്വീകരിക്കേണ്ടുന്ന നടപടിക്രമം സംബന്ധിച്ച് സ്പഷ്ടീകരണം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക (viii)-ൽ ഒരു സാഹചര്യത്തിലും തസ്തികമാറ്റ നിയമനം കേഡർ സ്ട്രെങ്തിന്റെ 10% അധികരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തസ്തികമാറ്റ നിയമനം ക്ലർക്ക് (എൽ.ഡി.ക്ലർക്ക്)/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്തിന്റെ 10%-ത്തിൽ നിജപ്പെടുത്തേണ്ടതാണെന്നും ആയത് യാതൊരു കാരണവശാലും കേഡർ സ്ട്രെങ്തിന്റെ 10 ശതമാനത്തിൽ അധികരിക്കാൻ പാടില്ലായെന്നും സ്പഷ്ടമാക്കിക്കൊണ്ട് പരാമർശം (3) ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

GCPT. 3/1189/2025/TP.

3. മേൽ സാഹചര്യത്തിൽ, ക്ലർക്ക് (എൽ.ഡി. ക്ലർക്ക്)/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിക്കുള്ള തസ്തികമാറ്റ നിയമനത്തിനായി കേഡർ സ്ട്രെങ്ങ്തിന്റെ 10 ശതമാനം കണക്കാക്കുമ്പോൾ ദശാംശ സംഖ്യകൾ വരുന്ന അവസരങ്ങളിൽ തൊട്ടടുത്ത പൂർണ്ണ സംഖ്യയിലേക്ക് റൗണ്ട് ഓഫ് ചെയ്ത് കണക്കാക്കിയാൽ അത് കേഡർ സ്ട്രെങ്ങ്തിന്റെ 10 ശതമാനത്തേക്കാൾ അധികരിക്കുവാൻ ഇടയാക്കും. ആയത് മേൽ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. അപ്രകാരം ചെയ്യുന്നത് നേരിട്ടുള്ള നിയമനത്തിലും, മറ്റ് നിയമന രീതികൾക്കും മാറ്റിവയ്ക്കേണ്ട ഒഴിവിൽ കുറവ് വരാൻ ഇടയാക്കുകയും ചെയ്യും.

മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1) ഉത്തരവും, അനുബന്ധ ഉത്തരവുകളും പ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിനായി കേഡർ സ്ട്രെങ്ങ്തിന്റെ 10 ശതമാനം കണക്കാക്കുമ്പോൾ ദശാംശ സംഖ്യകൾ വരുന്ന അവസരങ്ങളിൽ ആയത് തൊട്ടടുത്ത ഉയർന്ന പൂർണ്ണസംഖ്യയിലേക്ക് റൗണ്ട് ഓഫ് ചെയ്ത് കണക്കാക്കാൻ പാടില്ലായെന്നും ആയത് തൊട്ടുതാഴെയുള്ള പൂർണ്ണസംഖ്യയിലേക്ക് നിജപ്പെടുത്തേണ്ടതാണെന്നും വ്യക്തത വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (5) പ്രകാരമുള്ള വിധിന്യായം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ലീന എ.,
*അഡീഷണൽ സെക്രട്ടറി.*

പകർപ്പ് :—

ശ്രീ. മത്തായി വി. എം., അറ്റൻഡർ, ജില്ലാ ട്രഷറി, കൽപ്പറ്റ, വയനാട്.

അഡ്വക്കേറ്റ് ജനറൽ എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.

വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (പ്രചാരണത്തിന്).

ധനകാര്യ വകുപ്പ് (Estt-C1/30/2019-FIN നമ്പർ ഫയൽ പ്രകാരം).

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.